പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5086 02.07.2013-ൽ മറുപടിയ്ക്ക്

വൈദ്യുതി വിലയ്ക്ക് വാങ്ങുന്ന നടപടി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി :<br>ശ്രീ. കെ. രാജു :<br>ശ്രീ. ഇ. കെ. വിജയൻ :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നാളിതുവരെ എത്ര മെഗാവാട്ട് വൈദ്യുതി വിലയ്ക്കു വാങ്ങിയിട്ടുണ്ട് ; എവിടെ നിന്നെല്ലാമാണ് വൈദ്യുതി വാങ്ങിയതെന്നും അവയ്ക്ക് നൽകിയ വില എത്ര വീതമാണെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ വിവിധ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നായി 8704.68 Mu വൈദ്യുതി യൂണിറ്റിന് ശരാശരി 3.13 രൂപ നിരക്കിലും കായംകുളം നിലയമടക്കം വിവിധ ഇൻഡിപെൻറൻറ് പവർ പ്രൊഡ്യൂസർമാരിൽ നിന്ന് 1800.18 Mu വൈദ്യുതി ശരാശരി 12.29 രൂപ നിരക്കിലും ട്രേഡർമാർ മുഖേനയും പവർ എക്സ്ചേഞ്ച് മുഖേനയും 3080.76 യൂണിറ്റ് വൈദ്യുതി ശരാശരി 6.16 രൂപ നിരക്കിലും വാങ്ങിയിട്ടുണ്ട്.<br>2013-14-ൽ മേയ് 31 വരെ വിവിധ കേന്ദ്ര നിലയങ്ങളിൽ നിന്നും 1363.73 Mu വൈദ്യുതി യൂണിറ്റിന് ശരാശരി 3.23 രൂപ നിരക്കിലും വിവിധ ഇൻഡിപെൻറൻറ് പവർ പ്രൊഡ്യൂസർമാരിൽ നിന്ന് 382.81 Mu വൈദ്യുതി യൂണിറ്റിന് ശരാശരി 11.90 രൂപ നിരക്കിലും ട്രേഡർമാർ മുഖേനയും പവർ എക്സ്ചേഞ്ച് മുഖേനയും 771.67 Mu വൈദ്യുതി ശരാശരി 6.51 രൂപ നിരക്കിലും വാങ്ങിയിട്ടുണ്ട്. |
| (ബി) ഈ ഇടപാടുകൾ മൂലം ബോർഡിന് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ബി) 2012-13 വർഷത്തിൽ, മൺസൂൺ മഴ ലഭിക്കാത്തതിനാലും, വ്യാപാരികളിൽ നിന്ന് വൈദ്യുതി എത്തിയ്ക്കുന്നതിന് പ്രസരണ ശൃംഖല ലഭിക്കാത്തതിനാലും വില കൂടിയ വൈദ്യുതി ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും ദക്ഷിണേന്ത്യൻ വ്യാപാരികളിൽ നിന്നും എനർജി എക്സ്ചേഞ്ചുകളിൽ നിന്നും വാങ്ങി ഉപയോഗിക്കുക വഴി ഏകദേശം 2500 കോടി രൂപയുടെ അധിക ബാധ്യത ഉണ്ടായിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടിയ പലിശയ്ക്ക് പണം കടം വാങ്ങിയാണ് ഈ ബാധ്യത നിറവേറ്റുന്നത്. |

സെക്ഷൻ ഓഫീസർ.